# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4913 — 01.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനമെന്തെന്ന് വിശദീകരിക്കാമോ ; | (എ) | ഫിഷറീസ് വകുപ്പിന്റെ മത്സ്യഭവൻ ഓഫീസുകൾ വഴി മത്സ്യഗ്രാമ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 75/- രൂപ നിരക്കിൽ 8 മാസംകൊണ്ട് 600/- രൂപ ശേഖരിക്കുകയും തുല്യമായ കേന്ദ്ര സംസ്ഥാന വിഹിതം കൂടി ചേർത്ത് 1800/- രൂപ പഞ്ഞമാസ ക്കാലത്ത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. പദ്ധതി സുതാര്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി പദ്ധതിയിൽ ചേരുന്ന എല്ലാ ഗുണഭോക്താക്കൾക്കും കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | 2011-ലും 2012-ലും പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | 2011-ൽ കേന്ദ്ര സംസ്ഥാന വിഹിതമായി 21.55 കോടി രൂപയും, 2012-ൽ 21.20 കോടി രൂപയും പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2013-ൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ ജൂൺ മാസത്തിൽ ഈയിനത്തിൽ തൊഴിലാളികൾക്ക് നൽകിയ തുക എത്ര; എത്ര തൊഴിലാളികൾക്ക് ഈ തുക ലഭിച്ചു; കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതവും കൂടി ചേർന്ന് നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) | 2013-ൽ പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ